പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1990 | 14.08.2017 ൽ മറുപടിയ്ക്ക്

## ചാലക്കുടിയിലുള്ള സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ താലൂക്ക് ഡിപ്പോ

ചോദ്യം

ശ്രീ.ബി.ഡി. ദേവസ്സി

ഉത്തരം

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

(എ) നിലവിൽ വാടകയ്ക്ക് പ്രവർത്തിച്ചിരുന്ന ചാലക്കുടിയിലെ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ താലൂക്ക് ഡിപ്പോ ഒഴിപ്പിക്കുന്നതിനായി കോടതി ഉത്തരവായിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചാലക്കുടി, മുകുന്ദപുരം താലൂക്കുകളിലെ മുഴുവൻ റേഷൻകടകൾക്കും പഞ്ചസാരയും ആട്ടയും അടക്കമുള്ള അവശ്യ വസ്തുക്കളും, വിദ്യാഭ്യാസ സാമൂഹ്യക്ഷേമ വകുപ്പിനു കീഴിലുള്ള മുഴുവൻ കുട്ടികൾക്കും അവശ്യസാധനങ്ങളും ചാലക്കുടി, മുകുന്ദപുരം താലൂക്കുകളിലെ മുഴുവൻ മാവേലി സ്റ്റോറുകൾക്കും അവശ്യസാധനങ്ങളും വിതരണം ചെയ്തുവരുന്നതുമായ പ്രസ്തുത ഗോഡൗൺ നിലനിർത്തുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

(എ) യും (ബി) യും

ഉണ്ട്. ചാലക്കുടി ഡിപ്പോ ഓഫീസ് / ഗോഡൗൺ എന്നിവ പ്രവർത്തിക്കുന്ന കെട്ടിടം ഒഴിഞ്ഞു നൽകണമെന്ന കീഴ്ക്കോടതി ഉത്തരവിനെതിരെ, ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നൽകിയ ഹർജിയിന്മേൽ, ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ നടപടികൾ നിർത്തിവയ്ക്കാൻ ഉത്തരവായിട്ടുള്ളതിനാൽ മറ്റു നടപടികൾ സ്വീകരിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ